**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 640** **28-06-2022 - ൽ മറുപടിയ്ക്ക്**

**അടച്ചു പൂട്ടപ്പെട്ട കശുവണ്ടി കമ്പനികളുടെ സംരക്ഷണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ വി ശശി | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | അടച്ചു പൂട്ടപ്പെട്ട കശുവണ്ടി കമ്പനികളെ സംരക്ഷിക്കാൻ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ? | (എ) | വിയറ്റ്നാമിൽ നിന്നുള്ള തോട്ടണ്ടിയുടെ വരവോടെ അന്താരാഷ്ട്ര മാർക്കറ്റിൽ തോട്ടണ്ടിയുടെ വിലയിലുണ്ടായ ചാഞ്ചാട്ടം, 2016 ൽ കേന്ദ്രസർക്കാർ പ്രഖ്യാപിച്ച നോട്ട് നിരോധനം, 2018, 2019 വർഷങ്ങളിൽ തുടർച്ചയായി സംസ്ഥാനം അഭിമുഖീകരിച്ച പ്രളയം, 2020 ആരംഭം മുതൽ ആഗോള വ്യാപകമായി പടർന്ന് പിടിച്ച കോവിഡ് മഹാമാരി എന്നിങ്ങനെ വിവിധ കാരണങ്ങളാൽ പ്രതിസന്ധിയിലായ പരമ്പരാഗത കശുവണ്ടി വ്യവസായ രംഗത്ത് അടച്ചു പൂട്ടപ്പെട്ട കശുവണ്ടി ഫാക്ടറികളുടെ പ്രവർത്തനം പുനരാരംഭിക്കുന്നതിന് സംസ്ഥാന സർക്കാർ വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. പ്രതിസന്ധിയിലായ സ്വകാര്യ കശുവണ്ടി വ്യവസായ മേഖലയെ പുനരുജ്ജീവിപ്പിക്കുന്നതിനായി ഒരു പുനരുദ്ധാരണ പാക്കേജ് നടപ്പിലാക്കാൻ മുൻ സർക്കാർ തീരുമാനിച്ചിരുന്നു. ഇതിന്റെ ഭാഗമായി പ്രവർത്തന മൂലധനത്തിന്റെ അഭാവം മൂലം തുറന്ന് പ്രവർത്തിക്കാൻ ബുദ്ധിമുട്ട് നേരിട്ട 70 ഫാക്ടറികൾക്ക് സർക്കാർ പലിശ ഗ്യാരണ്ടി നൽകി അധിക വായ്പ ബാങ്കുകൾ നൽകുകയുണ്ടായി. പ്രസ്തുത ലോണിന്റെ 2019-20 ലെ പലിശ 9 ശതമാനം സബ്സിഡി ഇനത്തിൽ സർക്കാർ ബാങ്കുകൾക്ക് നേരിട്ട് നൽകുകയുണ്ടായി. ഇതിനായി 25 കോടി രൂപ 2019-20 വർഷത്തെ ബജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിക്കുകയും 304.44 ലക്ഷം രൂപ സർക്കാർ SLBC യ്ക്ക് അനുവദിക്കുകയും ചെയ്തു.<br><br>സ്വകാര്യ കശുവണ്ടി മേഖലയിൽ 2019-ൽ സർക്കാർ പ്രഖ്യാപിച്ച പുനരുദ്ധാരണ പാക്കേജിന്റെ ഭാഗമായ |

'ഒറ്റത്തവണ തീർപ്പാക്കൽ' പദ്ധതി നടപ്പിലാക്കുന്നതിന് കൃത്യമായ ഫോർമുല രൂപീകരിക്കുന്നതിനും ബാങ്കിന് ശിപാർശ നൽകുന്നതിനുമായി സർക്കാർ പ്രതിനിധി, SLBC കൺവീനർ, വ്യവസായികളുടെ പ്രതിനിധി എന്നിവർ ഉൾപ്പെട്ട 'മൂന്നംഗ കമ്മിറ്റി' സർക്കാർ രൂപീകരിച്ചിരുന്നു. കശുവണ്ടി വ്യവസായികളും ബാങ്ക് പ്രതിനിധികളും തമ്മിൽ OTS സംബന്ധിച്ച് സമവായത്തിലെത്തുന്നതിനായി 30.12.2021ൽ ബഹു.വ്യവസായ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ മൂന്നംഗ കമ്മിറ്റി യോഗം ചേരുകയും OTS സംബന്ധിച്ച് അന്തിമ തീരുമാനം കൈക്കൊള്ളുകയും ചെയ്തിരുന്നു. പ്രസ്തുത മീറ്റിംഗ് കൈക്കൊണ്ട ചുവടെ പറയുന്ന സുപ്രധാന തീരുമാനങ്ങൾക്ക് പ്രാബല്യം നൽകി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

1. 31.01.2019 വരെ NPA ആയ അക്കൗണ്ടുകൾക്ക് പകരം 31.03.2020 വരെ NPA ആയ അക്കൗണ്ടുകൾ ഈ പാക്കേജിന്റെ പരിധിയിൽ ഉൾപ്പെടുത്തുന്നതാണ്.
2. രണ്ട് കോടി വരെയുള്ള അക്കൗണ്ടുകൾക്ക് OTS തുകയുടെ 50% അംഗീകരിച്ച് OTS അനുവദിക്കുന്നതാണ്. 2 കോടി രൂപയ്ക്ക് മുകളിൽ 10 കോടി വരെയുള്ള NPA അക്കൗണ്ടുകൾക്ക് OTS തുകയുടെ 60% അംഗീകരിച്ച് OTS അനുവദിക്കുന്നതാണ്.
3. OTS സ്വീകരിക്കുന്ന അക്കൗണ്ട് ഹോൾഡർ 31.03.2022നകം ബാങ്കുമായി കരാറിൽ ഏർപ്പെട്ട് തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.
4. OTS സ്വീകരിച്ച് ബാധ്യത ഒഴിവാക്കുന്നതിന് OTS സ്വീകരിക്കുന്ന തീയതി മുതൽ പരമാവധി 1 വർഷം വരെ സമയം അനുവദിക്കുന്നതാണ്.
5. OTS സ്വീകരിക്കുന്നവർ OTS തുകയുടെ 10% Initial Paymentആയി ബാങ്കുകളിൽ ഒടുക്കുന്നതിന് OTS സ്വീകരിക്കുന്ന തീയതി മുതൽ 2 മാസത്തെ സമയം അനുവദിക്കുന്നതാണ്.

കോവിഡ് മഹാമാരി മൂലം മാന്ദ്യതയിലായ സാമ്പത്തിക രംഗം തകർച്ചയിൽ നിന്നും ഇനിയും പൂർണ്ണമായും കരകയറിയിട്ടില്ലാത്ത സാഹചര്യത്തിൽ OTS അംഗീകരിച്ച് ബാങ്കുകളുമായി കരാറിലേർപ്പെടാനുള്ള തീയതി 31.03.2022 ൽ നിന്നും ദീർഘിപ്പിച്ച് നൽകണമെന്ന് നിരവധി നിവേദനങ്ങൾ സർക്കാരിന് ലഭിച്ചിരുന്നു. ഇക്കാര്യം സർക്കാർ അനുഭാവപൂർവ്വം പരിഗണിച്ചതിന്റെ അടിസ്ഥാനത്തിൽ ബാങ്കുകളുമായി

| | | | |
|---|---|---|---|
| | | | കരാറിലേർപ്പെടാനുള്ള അന്തിമ തീയതി സ.ഉ(സാധാ)നം. 562/2022/വ്യവ തീയതി 16.06.2022 പ്രകാരം 31.12.2022 വരെ ദീർഘിപ്പിച്ച് നൽകിയിട്ടുണ്ട്.<br><br>കൂടാതെ കശുവണ്ടി വ്യവസായ മേഖലയിലെ നിലവിലെ പ്രശ്നങ്ങളും പ്രതിസന്ധികളും സാധ്യതകളും വിലയിരുത്തുന്നതിനും ഭാവി പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നതിനുമായി 18.01.2022ൽ ബഹു.വ്യവസായ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിലും ബഹു.ധനകാര്യ വകുപ്പ് മന്ത്രിയുടെ സാന്നിദ്ധ്യത്തിലും കശുവണ്ടി വ്യവസായികളുമായും തൊഴിലാളി സംഘടനാ നേതാക്കളുമായും കശുവണ്ടി വികസന കോർപ്പറേഷൻ/ കാപ്പക്സ്/ കാഷ്യൂബോർഡ്/ കശുമാവ് കൃഷി വികസന ഏജൻസി എന്നിവയിലെ ഉന്നതാധികാരികളുമായും യോഗങ്ങൾ നടത്തിയിരുന്നു. പ്രസ്തുത മീറ്റിംഗുകളിൽ കശുവണ്ടി മേഖലയെ പുനരുദ്ധരിക്കുന്നതിന് സാധ്യമായ എല്ലാ സഹായ സഹകരണങ്ങളും സർക്കാർ ഉറപ്പ് നൽകുകയും കശുവണ്ടി വ്യവസായ മേഖലയിൽ സർക്കാർ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന കശുവണ്ടി വികസന കോർപ്പറേഷന്റേയും കാപ്പക്സിന്റേയും പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കു ന്നതിനും പ്രവർത്തനങ്ങളിൽ പ്രൊഫഷണൽ സമീപനം കൊണ്ടുവരുന്നതിനും തീരുമാനമെടുത്തു.<br><br>കശുവണ്ടി മേഖലയുടെ പുനരുദ്ധാരണത്തിനും സമഗ്ര വികസനത്തിനുമായി 2022-23 വർഷത്തെ സംസ്ഥാന ബജറ്റിൽ 95 കോടി രൂപ നീക്കി വച്ചിട്ടുണ്ട്. കോവിഡ് മൂലം ജീവനോപാധികൾ നഷ്ടപ്പെട്ട ചെറുകിട, ഇടത്തരം കശുവണ്ടി ഫാക്ടറികൾക്ക് പ്രവർത്തന മൂലധനവും ആധുനീകരണത്തിനുള്ള മൂലധനസഹായവും പലിശ സഹായത്തിനും ഇത്തരം യൂണിറ്റുകളുടെ പുനരുദ്ധാരണത്തിനുമായി 7 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. കശുവണ്ടി വ്യവസായത്തെ പ്രോത്സാഹിപ്പിക്കുന്നതിനായി ബാങ്ക് ലോണുകൾക്ക് പലിശയിളവ് നൽകാനും തൊഴിൽ നൽകുന്നതിനനുസരിച്ച് മറ്റ് പ്രോത്സാഹന പദ്ധതികൾ നടപ്പാക്കാനുമായി 30 കോടി രൂപയും വകയിരുത്തിയിട്ടുണ്ട്. കശുവണ്ടി വ്യവസായ മേഖലയിലെ അടച്ചു പൂട്ടപ്പെട്ട കശുവണ്ടി ഫാക്ടറികൾ പൂർണ്ണതോതിൽ പ്രവർത്തന സജ്ജമാക്കുന്നതിന് ഈ പദ്ധതികൾ സഹായമാകുന്നതാണ്. |

സെക്ഷൻ ഓഫീസർ